**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1686** **02-02-2024 - ൽ മറുപടിയ്ക്ക്**

**കാർഷികവിഭവങ്ങൾക്ക് താങ്ങുവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിലെ പ്രധാന പ്രതിസന്ധിയായ കാർഷികോല്പന്നങ്ങളുടെ വിലയില്ലായ്മ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കാർഷിക വികസന വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | കർഷക താത്പര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുവാനും വിലയിടിവ് തടയുവാനും സംസ്ഥാനസർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | കാർഷികോല്പന്നങ്ങളുടെ വിലയില്ലായ്മ പരിഹരിക്കുന്നതിനായി ഇവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്ത് കാർഷികോത്പന്നങ്ങളുടെ മൂല്യ വർദ്ധനവ് ലക്ഷ്യമിട്ട് കേരള സർക്കാർ കൃഷി വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശം അനുബന്ധം II-ആയി ചേർക്കുന്നു. |
| (സി) | ഏതൊക്കെ കാർഷിക ഉല്പന്നങ്ങൾക്കാണ് ഇപ്പോൾ താങ്ങുവില നല്കുന്നത്; ന്യായമായ വില ലഭിക്കാതെ കാർഷികവൃത്തിയിൽ നിന്നും പലരും പിന്തിരിയുന്നത് ഒഴിവാക്കാനായി കൂടുതൽ കാർഷിക വിഭവങ്ങൾക്ക് താങ്ങുവില നല്കാൻ സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പച്ചത്തേങ്ങ സംഭരണത്തിൽ കിലോഗ്രാമിന് 34/-രൂപ സംഭരണ വില കർഷകർക്ക് നൽകി വരുന്നു. കൂടാതെ കൊപ്ര സംഭരണത്തിന്റെ ഭാഗമായി കർഷകരിൽ നിന്നും സംഭരിക്കുന്ന പച്ചതേങ്ങയ്ക്ക് കിലോഗ്രാമിന് 4.76 രൂപ നൽകി വരുന്നു.<br><br>സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന നെല്ല് സംഭരണത്തിൽ സംഭരിക്കുന്ന നെല്ലിന് കേന്ദ്ര സർക്കാർ വിഹിതവും സംസ്ഥാന പ്രോത്സാഹന ബോണസ് വിഹിതവും ചേർത്ത് 2023-24 സീസണിൽ നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് 28.20 രൂപയായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷന് ഇൻസന്റീവ് കിലോഗ്രാമിന് 170/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നീ 16 ഇനം പഴം പച്ചക്കറികൾക്കാണ് കേരള ഫാം ഫ്രഷ് പഴം പച്ചക്കറി -അടിസ്ഥാന വില |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രകാരം , 2020 നവംബർ ഒന്ന് മുതൽ അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്.<br><br>കൂടാതെ ചേന, ചുരയ്ക്ക , കത്തിരി/ വഴുതന , കോവയ്ക്ക,മത്തൻ എന്നീ 5 ഇനം കാർഷിക വിളകളെ കൂടി അടിസ്ഥാനവില പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

**1. പച്ചത്തേങ്ങ സംഭരണം**

നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായി സംസ്ഥാന സർക്കാർ പച്ചത്തേങ്ങ സംഭരണം നടത്തി വരുന്നു. കേരഫെഡ് നേരിട്ടും കേരഫെഡ് വിവിധ സഹകരണ സംഘങ്ങൾ/FPO കൾ മുഖേനയും കേരള നാളികേര വികസന കോർപ്പറേഷന്റെ കേന്ദ്രങ്ങൾ വഴിയും, മൊബൈൽ സംഭരണ കേന്ദ്രങ്ങൾ വഴിയും പച്ചത്തേങ്ങ സംഭരണം നടത്തി വരുന്നു. പച്ചത്തേങ്ങയുടെ സംഭരണ വില 2023 ഏപ്രിൽ മുതൽ 34/- രൂപയായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

**2. കൊപ്രാ സംഭരണം**

2023 സീസണിലെ കൊപ്രാ സംഭരണ വില 108.60 രൂപയായി കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഇതിനാനുപാതികമായ പച്ചത്തേങ്ങയുടെ സംഭരണവില 29.24 രൂപയാണ് കർഷകർക്ക് ലഭിക്കുന്നത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള സംഭരണ വിലയേക്കാൾ 4.76 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നതും ആയതിനെ കൊപ്രയാക്കി നാഫെഡിൽ നിക്ഷേപിക്കുന്നതും.

**3. നെല്ല് സംഭരണം**

സംസ്ഥാനത്ത് സുസ്ഥിരമായ നെൽകൃഷി ഉറപ്പ് വരുത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ലിന് കേന്ദ്ര സർക്കാർ വിഹിതവും സംസ്ഥാന പ്രോത്സാഹന ബോണസ് വിഹിതവും ചേർത്ത് 2023-24 സീസണിൽ നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് 28.20 രൂപയായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

**4. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം**

സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് കിലോഗ്രാമിന് 150/- രൂപ എന്നത് 170/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ 500 കോടി രൂപയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് നൽകുന്നതിനായി വകയിരുത്തിയിട്ടുള്ളത്.

**5. കേരള ഫാം ഫ്രഷ് പഴം പച്ചക്കറി -അടിസ്ഥാന വില പദ്ധതി**

സംസ്ഥാനത്തെ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾക്ക് വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിനും സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി, 2020 നവംബർ ഒന്ന് മുതൽ നടപ്പിലാക്കി വരുന്നു. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നീ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാനവില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉത്പന്നങ്ങൾ നിലവിലെ അടിസ്ഥാന വിലയ്ക്ക്, നോട്ടിഫൈ ചെയ്ത മാർക്കറ്റുകൾ വഴി സംഭരിക്കുന്നു. പദ്ധതിപ്രകാരം പഴം പച്ചക്കറികൾ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന

അടിസ്ഥാന വിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേക്ക് DBT യായി നൽകുന്നു. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്കുഉല്പന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു.

കൂടാതെ കൃഷി വകുപ്പ്, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, തുടങ്ങിയവ മുഖേന അതാതു ഗ്രാമപഞ്ചായത്തു/ ബ്ലോക്കു പ്രദേശങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകർക്ക് നേരിട്ട് ഉണഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

വിപണി ഇടപെടൽ പദ്ധതി പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ഹോർട്ടികോർപ്, വി.എഫ്.പി.സി.കെ എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന വിപണികൾ വഴി പഴം പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓണ കാലത്ത് കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പഴം പച്ചക്കറികൾ പൊതു വിപണിയിലെ അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിച്ച് ഓണ വിപണികളിലൂടെ പൊതു വിപണിയിലെ വിൽപ്പന വിലയിൽ നിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുന്നു.

സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലുള്ള 6 (ആറ്) കാർഷിക മൊത്ത വ്യാപാര വിപണികളിലും കർഷകർക്ക് നേരിട്ട് അവരുടെ പച്ചക്കറികൾ എത്തിച്ചു ലേലത്തിൽ കർഷകരുടെ ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് വിറ്റഴിക്കുന്നതിനുള്ള സംവിധാനവും കൃഷി വകുപ്പ് ഒരുക്കിയിട്ടുണ്ട്.

ഈ 6 മൊത്ത വ്യാപാര വിപണികളിൽ ഇ-നാം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയിൽ ഇതു വരെ 3062 കർഷകരും, 429 വ്യാപാരികളും, 59 FPO കളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്തർ ജില്ലാ (Inter – Mandi) വ്യാപാരം ശക്തിപ്പെടുത്തുന്നതിനായി ഇതുവരെ 61 യൂണിഫൈഡ് ലൈസൻസുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടുതൽ കർഷകർക്കും വ്യാപാരികൾക്കും 'ഇ-നാം' പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനായി പരിശീലന ക്ലാസ്സുകളും നൽകി വരുന്നു.

കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ഹോർട്ടികോർപ്പിനു ജില്ലാ സംഭരണ കേന്ദ്രങ്ങളും ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ സ്വന്തം സ്റ്റാളുകളും ലൈസൻസി സ്റ്റാളുകളും ഉണ്ട്. കൂടാതെ സംസ്ഥാനത്തു ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി ഉത്പന്നങ്ങൾ 'സേഫ് ടു ഈറ്റ്' എന്ന ലേബലിൽ ഹോർട്ടികോർപ്പ് പ്രധാന ഔട്ടലെറ്റുകൾ മുഖേന വിപണനം നടത്തി വരുന്നു.

കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 293 സ്വാശ്രയകർഷക സമിതികളാണ് വെജിറ്റബിൾആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിൻ കീഴിൽ പ്രവർത്തിച്ചു വരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പഴം പച്ചക്കറി വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത് പഴം പച്ചക്കറികൾ വിപണിയിലെത്തിക്കുന്നതിനുമുള്ള പദ്ധതിയും VFPCK നടപ്പിലാക്കിവരുന്നു.

കർഷകരുടെ ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ശീതീകരിച്ച വാഹനങ്ങളും IIHR ടെക്നോളജിയിൽ പ്രവർത്തിക്കുന്ന മുച്ചക്ര സൈക്കിളുകളും പ്രാഥമിക സഹകരണ സംഘങ്ങൾ/FPO കൾ / അഗ്രോ സർവീസ് സെന്റർ/കാർഷിക കർമ്മ സേന/കർഷക ഗ്രൂപ്പുകൾക്ക് മുൻ വർഷങ്ങളിൽ നൽകിയിട്ടുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**

## അനുബന്ധം-II

കാർഷിക ഉൽപ്പന്നങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നമാക്കി മാറ്റുക, കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷിക ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുക, ഉൽപ്പന്ന സംഭരണം, ഉൽപ്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റു അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ മൂല്യവർദ്ധിത കൃഷി മിഷൻ (Value Added Agriculture Mission-VAAM) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു വരുന്നു.

കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും സംസ്കരണത്തിനും ഊന്നൽ നൽകുന്നതിനായി അഗ്രി പാർക്കുകൾ, ഫ്രൂട്ട് പാർക്കുകൾ എന്നിവ സ്ഥാപിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു അപ്പക്സ് ബോഡിയായി പ്രവർത്തിക്കുന്നു.

കർഷകർ/കർഷക ഗ്രൂപ്പുകൾ/ കൃഷിക്കൂട്ടങ്ങൾ / FPO-കൾ ഉൽപാദിപ്പിക്കുന്ന വിവിധ കാർഷികോത്പന്നങ്ങളുടെ വിപണനം ഊർജിതമാക്കി കർഷകരുടെ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചതിന്റെ ഭാഗമായി "കേരളാഗ്രോ" എന്ന ഏകീകൃത ബ്രാൻഡിൽ കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഓൺലൈൻ മാർഗ്ഗങ്ങളിലൂടെ വിപണനം ആരംഭിച്ചു കഴിഞ്ഞു.

കൂടാതെ കേരളാഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ സൂപ്പർ മാർക്കറ്റുകൾ,മില്ലറ്റ് കഫേ എന്നിവ വഴി കൃഷിക്കാരും F.P.Os , F.P.Cs, PACS മറ്റു കർഷക ഗ്രൂപ്പുകൾ എന്നിവർ ഉൽപ്പാദിപ്പിക്കുന്ന മൂല്യ വർധിത ഉൽപ്പന്നങ്ങൾ ഉൾപ്പടെയുള്ള കാർഷിക വിഭവങ്ങൾ ന്യായമായ വിലയ്ക്ക് ജനങ്ങളിൽ എത്തിക്കാൻ കൃഷി വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB -യുടെ സമ്പത്തിക സഹായത്തോടെ 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു.

കാർഷികോത്പന്നങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷമ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (SFAC) മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് പദ്ധതി പ്രകാരം പ്രോത്സാഹനം നൽകുന്നു.

'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയുടെ ഭാഗമായി രൂപീകൃതമായ കൃഷിക്കൂട്ടങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിച്ച് വിപണനം നടത്തിവരുന്നുണ്ട്. ഒരു കൃഷി ഭവൻ ഒരു ഉൽപ്പന്നം എന്ന ലക്ഷ്യമാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പുവരുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കർഷക ഉൽപാദക സംഘടനകൾ (FPO-കൾ) രൂപീകരിച്ചിട്ടുണ്ട്. RKVY പദ്ധതിപ്രകാരവും കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന FPO -കളുടെ രൂപീകരണ പദ്ധതി പ്രകാരവും FPO -കൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

2022-23 വർഷം മുതൽ കാർഷിക മേഖലയിൽ സർക്കാർ നടപ്പിലാക്കുന്ന വിളയിടാധിഷ്ഠിത കൃഷി രീതിയിൽ മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും സംസ്കരണവും വിപണനവും മുഖ്യ ലക്ഷ്യമാണ്. അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി പ്രകാരം ശീതീകരണ സംഭരണികൾ,

സംഭരണ കേന്ദ്രങ്ങൾ, സംസ്കരണ ഘടകങ്ങൾ തുടങ്ങി കാർഷിക ആസ്തികളും വിളവെടുപ്പാനന്തര പ്രാഥമിക അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി വിളവെടുപ്പിന് ശേഷമുള്ള നഷ്ടം പരമാവധി കുറയ്ക്കാൻ ഈ പദ്ധതി സഹായകമാകുന്നു. കൂടാതെ നടപ്പ് സാമ്പത്തിക വർഷം നാളികേര വികസന പദ്ധതിയിൽ 100.00 ലക്ഷം രൂപ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികളുടെ പലിശഭാരം കുറയ്ക്കുന്നതിനും ലാഭകരമായി കമ്പനികളെ ബിസിനസിലേക്ക് തിരികെ കൊണ്ട് വരുന്നതിനുമുള്ള ധനസഹായത്തിനായി വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ